**കേരള സർക്കാർ**

2909/ഡിഡി3/2011/തസ്വഭവ

തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്
തിരുവനന്തപുരം തീയതി:12.2.2011

## സർക്കുലർ

വിഷയം: - തദ്ദേശ സ്വയംഭരണ വകുപ്പ് - സമഗ്ര ആരോഗ്യ ഇൻഷുറൻസ് പദ്ധതിയുടെ 2011-12 -ലെ എൻറോൾമെന്റ് - സംബന്ധിച്ച്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ 2011-12 വർഷത്തെ എൻറോൾമെന്റ് നടപടികൾ 2011 ജനുവരി 1-ന് ആരംഭിച്ചിട്ടുണ്ട്. 35 ലക്ഷം കുടുംബങ്ങളെ പദ്ധതിയുടെ ഭാഗമാക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. കഴിഞ്ഞ വർഷം പദ്ധതിയിൽ പുതുതായി ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളവർക്ക് പുതിയ സ്മാർട്ട് കാർഡ് നൽകുന്നതാണ്. ഈ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. സമയബന്ധിതമായി പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളുടെയും നഗരസഭകളുടെയും കുടുംബശ്രീ പ്രവർത്തകരുടെയും പൂർണ്ണ സഹകരണവും പങ്കാളിത്തവും ആവശ്യമാണ്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ ഗുണഭോക്തൃകുടുംബങ്ങൾക്ക് സ്മാർട്ട് കാർഡ് ലഭ്യമാക്കുന്ന പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മുഖ്യ പങ്ക് വഹിക്കണമെന്നും ജനപ്രധിനിധികളും ഉദ്യോഗസ്ഥരും കുടുംബശ്രീ പ്രവർത്തകരും ഇതിനാവശ്യമായ പൂർണ്ണ സഹകരണം നൽകണമെന്നും സർക്കാർ നിർദ്ദേശിക്കുന്നു. ഗ്രാമ പഞ്ചായത്തുകളും നഗരസഭകളും സ്മാർട്ട് കാർഡ് നൽകേണ്ട കേന്ദ്രങ്ങൾ ഏതൊക്കെയാണ് നിശ്ചയിക്കേണ്ടതും അവ പ്രവർത്തിക്കുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്. അതോടൊപ്പം എൻറോൾമെന്റ് ടീമംഗങ്ങൾക്ക് അത്യാവശ്യം ലഘുഭക്ഷണം നൽകുകയും വേണം. ഇതിനുള്ള ചെലവ് തൊഴിൽ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണ്. ഒരു കാർഡിന് 2 രൂപ എന്ന നിരക്കിലായിരിക്കും തുക അനുവദിക്കുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങൾ ആദ്യം തനത് ഫണ്ട് വിനിയോഗിച്ച് ഈ ചെലവുകൾ വഹിക്കേണ്ടതും എൻറോൾമെന്റ് പൂർത്തിയാക്കുന്ന മുറയ്ക്ക് തൊഴിൽ വകുപ്പിൽ നിന്നും തുക അനുവദിച്ചു (reimburse) നൽകുന്നതുമാണ്.

എസ്.എം.വിജയാനന്ദ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
4. എല്ലാ മുനിസിപ്പൽ ചേയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും (ഗ്രാമ വികസന ഡയറക്ടർ മുഖേന)
5. എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും(പഞ്ചായത്ത് ഡയറക്ടർ മുഖേന)
6. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
8. ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
9. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
10. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

11. ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്പ്മെന്റ്, കൊട്ടാരക്കര
12. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
13. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
14. ചീഫ് എൻജിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
15. എല്ലാ ദാരിദ്ര്യ ലഘൂകരണ യുണിറ്റ് പ്രോജക്ട് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
16. എല്ലാ ജില്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും(കുടുംബശ്രീ ഡയറക്ടർ മുഖേന)
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
19. എല്ലാ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും (ഗ്രാമ വികസന കമ്മീഷണർ മുഖേന)
20. എല്ലാ നഗരകാര്യ മേഖലാജോയിന്റ് ഡയറക്ടർമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
21. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
22. ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അ. സോസിയേഷൻ
23. സെക്രട്ടറി, കേരളാ ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
24. സെക്രട്ടറി, മുൻസിപ്പൽ ചേയർമാൻമാരുടെ ചേമ്പർ
25. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേമ്പർ
26. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) തിരുവനന്തപുരം
27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) തിരുവനന്തപുരം
28. കരുതൽ ഫയൽ/ഓഫീസ് കോപ്പി

പകർപ്പ്:

1. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഓഫീസ്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ ഓഫീസ്
4. തദ്ദേശ സ്വയംഭരണ ഡി.എ/ഡി.ബി/ഡി.സി/എഫ്.എം സെക്ഷനുകൾക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ